# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2646** **27.01.2014-ലെ മറുപടിക്ക്**

## കോഴിക്കോട് മെഡിക്കൽ കോളേജിലെ തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ ബയോ-കെമിസ്ട്രി അസോസിയേറ്റ് പ്രൊഫസർ തസ്തിക തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് ഷിഫ്റ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ ബയോകെമിസ്ട്രി അസോസിയേറ്റ് പ്രൊഫസർ തസ്തികയും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ബയോകെമിസ്ട്രി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും പരസ്പരം ഷിഫ്റ്റു ചെയ്യുവാൻ 13.11.2013-ലെ സ.ഉ.(സാധാ) 3794/13/ആ.കു.വ. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ ;<br><br>(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബയോ-കെമിസ്ട്രി അസോസിയേറ്റ് പ്രൊഫസറുടെ ഒഴിവ് നിലവിലുണ്ടോ ;<br><br>(ഡി) ഒഴിവ് നിലവിലില്ലെങ്കിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് ബയോ-കെമിസ്ട്രി അസോസിയേറ്റ് പ്രൊഫസർ തസ്തിക ഷിഫ്റ്റ് ചെയ്യാനുള്ള കാരണം വ്യക്തമാക്കാമോ ; | **(ബി), (സി) & (ഡി)**<br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബയോകെമിസ്ട്രി അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ ഒഴിവില്ലാതിരിക്കുകയും കംപാഷനേറ്റ് ഗ്രൗണ്ടിൽ ഒരു അസോസിയേറ്റ് പ്രൊഫസർക്ക് തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം നൽകേണ്ടതായ അനിവാര്യ സാഹചര്യത്തിലുമാണ് തസ്തികകൾ പരസ്പരം ഷിഫ്റ്റ് ചെയ്തത്.<br>നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബയോകെമിസ്ട്രി വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയുടെ ഒഴിവില്ല. |
| (ഇ) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഏതൊക്കെ തസ്തികകളാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും സംസ്ഥാനത്തെ മറ്റ് മെഡിക്കൽ കോളേജിലേക്ക് ഷിഫ്റ്റ് ചെയ്തതെന്ന് വെളിപ്പെടുത്താമോ ; | (ഇ) തൊറാസിക് സർജറി വിഭാഗത്തിലെ ഒരു തസ്തിക റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിലേക്ക് നേരത്തേ മാറ്റിയിരുന്നത് തിരികെ തൊറാസിക് സർജറിയിലേക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജിലെ ബയോകെമിസ്ട്രി വിഭാഗത്തിലെ ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തികയും തിരുവനന്തപുരത്തെ ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും പരസ്പരം മാറ്റിയിട്ടുണ്ട്. |

| | |
|---|---|
| (എഫ്) 250 എം.ബി.ബി.എസ്. വിദ്യാർത്ഥികളും, 300−ൽ അധികം പാരാമെഡിക്കൽ വിദ്യാർത്ഥികളും പഠിക്കുന്ന കോഴിക്കോട് മെഡിക്കൽ കോളേജിൽ വേണ്ടത്ര തസ്തികകളില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എഫ്) 250 എം.ബി.ബി.എസ്. അഡ്മിഷന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ചിരിക്കുന്ന തസ്തികകൾ ഏകദേശം എല്ലാം തന്നെ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിലുണ്ട്. എന്നാൽ പാരാ മെഡിക്കൽ കോഴ്സുകൾക്ക് ആവശ്യമായ തസ്തികകളിൽ ചില വിഭാഗത്തിൽ കുറവുള്ളത് പരിഹരിച്ചുവരുന്നു. |
| (ജി) രോഗികളുടെ വർദ്ധനയ്ക്കനുസരിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ വേണ്ടത്ര ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുമോ ? | (ജി) കോഴിക്കോട് മെഡിക്കൽ കോളേജിൽ എമർജൻസി ആന്റ് ക്രിട്ടിക്കൽ കെയർ, ഫാമിലി മെഡിസിൻ എന്നീ വിഭാഗങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ